**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **22-01-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി/എസ്.റ്റി. വകുപ്പ് നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | എസ്.സി./എസ്.റ്റി. വകുപ്പ് മുൻകൈയെടുത്ത് 2019-20, 2020-21 വർഷങ്ങളിൽ എത്ര ഭവനങ്ങളുടെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (എ) | 2019-20, 2020-21 വർഷങ്ങളിൽ ലൈഫ് മിഷൻ മുഖേനയാണ് വീട് അനുവദിച്ച് വരുന്നത്. പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 163.10 കോടി രൂപയും, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 2019-20 സാമ്പത്തികവർഷം 64.46 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ എസ്.സി./എസ്.റ്റി. വകുപ്പ് ഏതെല്ലാം റോഡുകളുടെ പ്രവൃത്തി ആരംഭിച്ചുവെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ബി) | ഈ കാലയളവിൽ പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ട് മുഖേനയും, അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരവും കോളനിക്കുള്ളിലെ റോഡ് നിർമ്മാണ പ്രവർത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം അനുവദിച്ചതും പൂർത്തീകരിച്ചതുമായ റോഡുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2019-20

| ക്രമ നം. | പ്രവർത്തി | പുരോഗതി |
|---|---|---|
| 1. | പനമരം ഗ്രാമപഞ്ചായത്തിലെ ചേരിങ്കൻ പന്തലാടി കോളനി റോഡ് ടാറിംഗ് | പൂർത്തീകരിച്ചു |
| 2. | നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വായാട് കോളനി കൾവർട്ട് & അപ്രോച്ച് റോഡ് നിർമ്മാണം | പൂർത്തീകരിച്ചു |
| 3. | പെരങ്ങമല ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാർ വിട്ടിക്കാവ് കിടാരക്കുഴി റോഡ് കോൺക്രീറ്റ്, പാലം സംരക്ഷണ ഭിത്തി നിർമ്മാണം | പൂർത്തീകരിച്ചിട്ടില്ല |
| 4. | അറക്കുളം ഗ്രാമപഞ്ചായത്തിൽ പൂത്തോട് - ആന്നൂർ റോഡ് കോൺക്രീറ്റ് പദ്ധതി | പൂർത്തീകരിച്ചിട്ടില്ല |
| 5. | അറക്കുളം ഗ്രാമപഞ്ചായത്തിലെ ചേറാടി കാനം റോഡ് കോൺക്രീറ്റ് | പൂർത്തീകരിച്ചിട്ടില്ല |
| 6. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ചുണ്ടക്കൊല്ലി ചരളമ്പം കോളനി റോഡ് | പൂർത്തീകരിച്ചിട്ടില്ല |
| 7. | ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന അമ്പലം ചെട്ടിയാൻ അലോറ റോഡ് ടാറിംഗ് പദ്ധതി | പൂർത്തീകരിച്ചിട്ടില്ല |

**2020-21**

| | | |
|---|---|---|
| 1. | കാസറഗോഡ് പനത്തടി ഗ്രാമപഞ്ചായത്തിലെ ഒറ്റമല ബാലുനായിക്ക് കോളനി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടില്ല | പൂർത്തീകരിച്ചിട്ടില്ല |
| 2. | പാലക്കാട് വണ്ടാഴി ഗ്രാമപഞ്ചയാത്തിലെ തളികക്കല്ല് കോളനി റോഡും പാലവും | പൂർത്തീകരിച്ചിട്ടില്ല |